(എ) 2000 ഡിസംബർ 31 വരെ ഫാക്ടറി ലൈസൻസ് നൽകുന്നതിനുള്ള എത്ര അപേക്ഷകളാണ് ഡയറക്ടറേറ്റിൽ കെട്ടിക്കിടക്കുന്നത് ;

(ബി) ഇതിൽ കാഷ്യൂ ഫാക്ടറികൾക്കുള്ള എത്ര അപേക്ഷകൾ ഉണ്ട് ;

(സി) എത്ര എണ്ണത്തിന് ഈ തീയതിക്കുശേഷം ലൈസൻസ് നൽകി ;

(ഡി) ഫാക്ടറി ലൈസൻസുകൾ യഥാസമയം നൽകാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 63 അപേക്ഷകൾ.

(ബി) കാഷ്യൂ ഫാക്ടറികൾക്കുള്ള അപേക്ഷകൾ ഒന്നുംതന്നെ ഇല്ല.

(സി) 10 എണ്ണം.

(ഡി) പുതുക്കൽ പ്രമാണങ്ങൾ, സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ യഥാസമയം ലഭിക്കാത്തതാണ് കാരണം.

ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് വകുപ്പിൽ കംപ്യൂട്ടറൈസേഷൻ

50 (1202) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് വകുപ്പിൽ കംപ്യൂട്ടറൈസേഷൻ എന്നാണ് നിലവിൽ വന്നത് ;

(ബി) കംപ്യൂട്ടറൈസേഷൻ കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത വകുപ്പിൽ ആകെ എത്ര കംപ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട് ;

(ഡി) അവ ഏതെല്ലാം ഓഫീസുകളിൽ എത്രവീതം സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ സാമ്പത്തിക വർഷം പുതിയ കംപ്യൂട്ടറുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) എങ്കിൽ ഏതെല്ലാം ഓഫീസുകളുടെ ആവശ്യത്തിനുവേണ്ടിയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1997-ൽ.

(ബി) വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ ജോലിഭാരം ഒരു പരിധിവരെ ലഘൂകരിക്കുവാനും അതുവഴി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 20 എണ്ണം.

(ഡി) വിശദവിവരം താഴെ ചേർക്കുന്നു.

	ഓഫീസ്	കംപ്യൂട്ടറുകളുടെ എണ്ണം
1.	ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് ഡയറക്ടറേറ്റ്, തിരുവനന്തപുരം	9
2.	ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് ജോയിന്റ് ഡയറക്ടറേറ്റ് (മെഡിക്കൽ), തിരുവനന്തപുരം	5
3.	ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് ജോയിന്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം	2
4.	ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് ജോയിന്റ് ഡയറക്ടറേറ്റ്, എറണാകുളം	2
5.	ഫാക്ടറീസ് ആന്റ് ബോയ്ലേഴ്സ് ജോയിന്റ് ഡയറക്ടറേറ്റ്, കോഴിക്കോട്	2

(ഇ) ഉണ്ട്.

(എഫ്) ഗ്രേഡ്- 1 ഇൻസ്പെക്ടർമാരുടെ 8 ഓഫീസുകൾക്കും എറണാകുളം മേഖലയിലെ എല്ലാ ഉപഓഫീസുകൾക്കും വേണ്ടിയാണ് ഈ വർഷം കംപ്യൂട്ടർ വാങ്ങാൻ ഉദ്ദേശിക്കുന്നത്.

അത്യാധുനിക സൗകര്യങ്ങളുള്ള എല്ലാ ആശുപത്രികളിലെ ചികിത്സകൾക്കും ക്ഷേമനിധി സഹായം ലഭ്യമാക്കാൻ നടപടി

51 (1203) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ചികിത്സാ സഹായം നൽകുമ്പോൾ സർക്കാർ നിശ്ചയിക്കുന്ന ആശുപത്രികളിൽ മാത്രം ചികിത്സ നൽകുന്നതുകൊണ്ട് വളരെയധികം ബുദ്ധിമുട്ട് തൊഴിലാളികൾക്ക് ഉണ്ടാകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ അംഗീകരിക്കുന്ന പല ആശുപത്രികളിലും അത്യാധുനിക സൗകര്യങ്ങൾ ഇല്ലാതെ വരുമ്പോൾ അതിന് സൗകര്യമുള്ള ആശുപത്രികളിൽ ചികിത്സിക്കുന്നതിന് ചികിത്സാസഹായം നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly